ശ്രീ. കെ. എം. മാണി: ഒരു കണക്കിൽ പറഞ്ഞാൽ കുടിവെള്ള പ്രശ്നം ഉള്ള വില്ലേജുകളെല്ലാം പ്രോബ്ലം വില്ലേജായിട്ട് കാണേണ്ടതാണ്. എവിടെയൊക്കെ കുടിവെള്ളത്തിന് ബുദ്ധിമുട്ടുണ്ടോ അവിടെയെല്ലാം പ്രോബ്ലമാണ്. ആ നിലയ്ക്ക് അത് കാണേണ്ടതാണ്. അതനുസരിച്ച് ചില അർബൻ പ്രദേശങ്ങളും പ്രോബ്ലം വില്ലേജസായി നമുക്ക് പരിഗണിച്ച് അതിനുള്ള ആനുകൂല്യങ്ങൾ നേടിയെടുക്കേണ്ടതാണ്.

ശ്രീ. ഇ. കെ. നായനാർ: ഇപ്പോൾ മലമ്പുഴ തടാകത്തിലെ വെള്ളം കുറഞ്ഞുവരികയാണ്. കാരണം, ഓരോ വർഷവും ഈ തടാകത്തിൽ കൃഷി നടന്നു കൊണ്ടിരിക്കുന്ന കാര്യം മന്ത്രിയ്ക്കു അറിയാമോയെന്നറിയില്ല. അവിടെ മണ്ണു വന്ന് വീണുകൊണ്ടിരിക്കുകയാണ്. അതിനെക്കുറിച്ച് കളക്ടറുമായി സംസാരിച്ചപ്പോൾ അദ്ദേഹത്തിന് ഒന്നും ചെയ്യാൻ കഴിയില്ലെന്ന് മനസ്സിലായി. അതുകൊണ്ട് ഇനി മണ്ണു വീഴാതിരിക്കാനും വെള്ളം കുറഞ്ഞുപോകുന്ന സാഹചര്യം ഇല്ലാതാക്കാനും പ്രത്യേകം ശ്രദ്ധിച്ച് മന്ത്രിതലത്തിൽ നടപടിയെടുക്കണം. ആ ശുദ്ധജലമാണ് പാലക്കാട് പട്ടണത്തിലും മറ്റും വിതരണം ചെയ്യുന്നത്.

ശ്രീ. കെ. എം. മാണി: അതിന്റെ കാച്ച്മെന്റ് ഏരിയായിൽ പ്രൊട്ടക്ഷൻ പ്രോജക്ട് പരിപാടികളും മറ്റു പദ്ധതികളുമെല്ലാം ഉണ്ട്. ഏതായാലും മലമ്പുഴയിൽ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ചൂണ്ടിക്കാണിച്ച ഈ പ്രശ്നം പരിശോധിച്ച് അതിനെന്തെല്ലാം പരിഹാരം ചെയ്യണമോ അതിനാവശ്യമായ നടപടികളും പടിപടിയായി എടുക്കുന്നതാണ്.

ശ്രീ. കെ. എം. ഹംസക്കുഞ്ഞ്: കൊച്ചിൻ കോർപ്പറേഷനിൽ ശുദ്ധജല വിതരണം നടത്തിക്കൊണ്ടിരുന്നത് ആലുവായിൽനിന്നുമാണ്. ഇന്ന് ശുദ്ധജല വിതരണത്തിനു പകരം ആലുവായിലെ വേസ്റ്റ് വാട്ടറാണ് പട്ടണങ്ങളിൽ വിതരണം ചെയ്യുന്നത്. അതിനെക്കുറിച്ച് അന്വേഷിക്കുകയും ശുദ്ധജല വിതരണത്തിലുണ്ടായിരിക്കുന്ന പോരായ്മ പരിഹരിച്ചുകൊണ്ട് ഈ വേസ്റ്റ്വാട്ടർ കുടിക്കുന്നതിൽനിന്നും കൊച്ചിൻ കോർപ്പറേഷനിലെ ജനങ്ങളെ രക്ഷിക്കുകയും ചെയ്യുന്നതിനുള്ള മാർഗ്ഗം ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കുമോ?

ശ്രീ. കെ. എം. മാണി: മലിനജലം ശുദ്ധീകരിക്കാനുള്ള നടപടികളും ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുകയാണ്. എന്നാലും കൊച്ചിയെ സംബന്ധിച്ചിടത്തോളം ഗവൺമെന്റിന് അങ്ങനെയൊരഭിപ്രായമില്ല. കൊച്ചിയിൽ ഇന്ന് വിതരണം ചെയ്യുന്ന വെള്ളം ശുദ്ധജലം തന്നെയാണെന്നാണ് ഗവൺമെന്റിന്റെ അഭിപ്രായം. ശുദ്ധജലമല്ലെങ്കിൽ അതിനെക്കുറിച്ച് അന്വേഷിക്കാം. എവിടെയെങ്കിലും അങ്ങനെയൊരു ബുദ്ധിമുട്ടുണ്ടെങ്കിൽ ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ പറഞ്ഞ കാര്യം ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

സ്കൂളുകളിലെ നോട്ടുബുക്കു നിർമ്മാണ പദ്ധതി

* 256 [395] ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിപണിയിൽ നോട്ടുബുക്കു വില ക്രമാതീതമായി വർദ്ധിച്ചിട്ടുള്ള വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സ്കൂൾ കുട്ടികൾക്കായുള്ള നോട്ടുബുക്കു നിർമ്മാണ പദ്ധതിക്കു ഇതിനു മുമ്പുള്ള വർഷങ്ങളിൽ അനുവദിച്ച കടലാസ് കാട്ടയുടെ നാലിലൊന്നുപോലും പല ബുക്കു നിർമ്മാണകേന്ദ്രങ്ങൾക്കും ലഭിച്ചിട്ടില്ലെന്ന വസ്തുത ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നോട്ടു ബുക്കുനിർമ്മാണത്തിനു ആവശ്യമായ കടലാസ്സിൻെറ വിതരണം യഥാസമയം നടത്താതിരിക്കുവാൻ കാരണമെന്താണ്;

(ഡി) വരും വർഷങ്ങളിൽ ഇതാവർത്തിക്കാതിരിക്കാൻ കാലേക്കൂടി തന്നെ നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ) വിപണിയിൽ നോട്ടുബുക്കുകളുടെ വില വർദ്ധിച്ചതായി ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) സൗജന്യനിരക്കിൽ ഭാരതസർക്കാർ അനുവദിക്കുന്ന പേപ്പർ മില്ലുകളിൽ നിന്നും പൂർണ്ണമായി ലഭിക്കാത്തതുകൊണ്ട്.

(ഡി) സൗജന്യനിരക്കിൽ കേന്ദ്രസർക്കാർ ആവശ്യമായ പേപ്പർ യഥാസമയം അനുവദിക്കുകയും അവ പൂർണ്ണമായി മില്ലുകളിൽനിന്നും ലഭിക്കുകയും ചെയ്താൽ മാത്രമേ വരും വർഷങ്ങളിൽ കടലാസ്സിൻെറ വിതരണം യഥാസമയം നടത്താൻ സാധിക്കുകയുള്ളൂ.

സഹകരണ ജീവനക്കാർക്ക് കോമൺ കേഡർ

* 257 [396] ശ്രീ. നാലകത്ത് സൂപ്പി:
,, കെ. പി. എ. മജീദ്:
,, എം. പി. എം. ഇസഹാക്ക് കുരുക്കൾ:
,, ഇ. ററി. മുഹമ്മദ് ബഷീർ:
,, പി. കെ. കുഞ്ഞാലിക്കുട്ടി:

താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ജീവനക്കാർക്ക് ഒരു കോമൺ കേഡർ നടപ്പിലാക്കാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻെറ വിശദാംശം വ്യക്തമാക്കാമോ;

(സി) ഇന്ത്യയിൽ മറേറതെങ്കിലും സംസ്ഥാനത്ത് ഇത് നടപ്പിലാക്കിയിട്ടുള്ളതായി അറിയുമോ;

(ഡി) കോമൺ സർവ്വീസ് നടപ്പിലാക്കാനുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ?

സഹകരണ വകുപ്പു മന്ത്രി (ശ്രീമതി. എം. കമലം):

(എ, ബി) സഹകരണ സംഘം ജീവനക്കാർക്ക് ഒരു കോമൺ കേഡർ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നില്ല.

എന്നാൽ പരീക്ഷണാർത്ഥം എന്ന നിലയിൽ സംസ്ഥാന സഹകരണ ബാങ്കിലേയും ജില്ലാ സഹകരണ ബാങ്കിലേയും സീനിയർ ലവൽ ഉദ്യോഗസ്ഥ വിഭാഗത്തിൽ കോമൺ കേഡർ ഏർപ്പെടുത്താൻ സാധിക്കുമോ എന്ന കാര്യം ആലോചിക്കുന്നതിനുവേണ്ടി ഒരു കരടു സ്കീം സംസ്ഥാന സഹകരണ ബാങ്കിനും ജില്ലാ ബാങ്കുകൾക്കും അഭിപ്രായം ആരായുവാൻ വേണ്ടി രജിസ്ട്രാർ അയച്ചു കൊടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly